പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5427 25.10.2011- ൽ മറുപടിക്ക്

ജില്ലാ ദുരന്ത സാധ്യത ലഘൂകരണ പരിപാടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.വി ശ്രേയാംസ് കുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | വയനാട് ജില്ലയിലെ ദുരന്ത സാധ്യത ലഘൂകരണ പരിപാടി എന്നാണ് നിലവിൽ വന്നതെന്ന് വിശദമാക്കുമോ; | (എ) | 2010 ൽ ജില്ലയിൽ ദുരന്ത നിവാരണ പദ്ധതി നിലവിൽ വന്നു. 2010 ആഗസ്റ്റ് മാസം 12 ന് ജില്ലയിൽ വച്ച് ഈ പദ്ധതിയുടെ ഉദ്ഘാടനവും ഇതുമായി ബന്ധപ്പെട്ട ആദ്യത്തെ പരിശീലന പരിപാടിയും നടന്നു. |
| (ബി) | ജില്ലാ ദുരന്ത സാധ്യത ലഘൂകരണ പരിപാടിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരും യു.ൻ.ഡി.പി യുമായി ചേർന്ന് നടപ്പിലാക്കുന്ന ജില്ലാ ദുരന്ത സാധ്യതാ ലഘൂകരണ പരിപാടി നടന്നു വരുന്നു. 2010-11 ൽ ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ താഴെ പറയുന്ന പരിപാടികൾ നടന്നു വരുന്നു.<br>1. ഉദ്യോഗസ്ഥർക്കായുള്ള പരിശീലനം<br>2. സ്കൂൾ സുരക്ഷാ പരിപാടി<br>3. സന്നദ്ധ സംഘടനകൾക്കായുള്ള പരിശീലനം<br>4. പുതിയ പഞ്ചായത്ത് രാജ് അംഗങ്ങൾക്ക് വേണ്ടിയുള്ള പരിശീലനം<br>5. വില്ലേജ്തല ദുരന്ത നിവാരണ പരിപാടി<br>6. വില്ലേജ്തല മോക്ക് ഡ്രിൽ<br>7. ജില്ലാ ദുരന്ത നിവാരണ പ്ലാൻ ആദ്യ ഘട്ടം പൂർത്തിയായി.<br>8. വകുപ്പുതല ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വയനാട് ജില്ലയുടെ ഭൂപ്രകൃതിക്കനുസരിച്ചുള്ള ജില്ലാ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ? | (സി) | വയനാട് ജില്ലയുടെ ഭൂപ്രകൃതിക്കനുസരിച്ചുള്ള ജില്ലാ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ